"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൃഷിയും അനുബന്ധ മേഖലകളും - സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1743/2024/LSGD    തീയതി,തിരുവനന്തപുരം, 23-09-2024

---

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-നു നടന്ന യോഗത്തിന്റെ തീരുമാനം 4.16

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ പരാമർശിത ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ഖണ്ഡിക 6.1 പ്രകാരം കാർഷിക മേഖലയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളുടെയും നൽകാവുന്ന സബ്സിഡി വിവരങ്ങളും വിശദമാക്കിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിലെ ചുവടെ പ്രതിപാദിക്കുന്ന വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയും കൂട്ടിച്ചേർക്കൽ വരുത്തിയും ഉത്തരവാകുന്നു.

1. പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 6.1.7, 6.1.9 എന്നിവ പ്രകാരം നാമമാത്ര-ചെറുകിട കർഷകർ/കർഷക തൊഴിലാളി ഗ്രൂപ്പ് പാട്ടത്തിനെടുത്ത് കൃഷി ചെയ്യുകയാണെങ്കിൽ പാട്ടത്തുകയായി ഹെക്ടറിന് 2500 രൂപ അധികമായി നൽകാൻ അനുമതിയുണ്ട്. കൃഷിക്കൂട്ടങ്ങൾ ഭൂമി വാടകയ്ക്കെടുത്ത് കൃഷി ചെയ്യുമ്പോഴും ഇതേ രീതിയിൽ സ്ഥല ഉടമയ്ക്ക് 2500 രൂപ നൽകാൻ അനുമതി നൽകുന്നു.
2. പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 6.1.11 പ്രകാരം കാർഷിക തൊഴിൽ സേനകൾക്കും സമിതികൾക്കും സംഘങ്ങൾക്കും നൽകാവുന്ന സഹായം, 'ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കും' നൽകാവുന്നതാണ്. എന്നാൽ ഫാർമർ പ്രൊഡ്യൂസർ കമ്പനികളെ ഇതിനായി തെരഞ്ഞെടുക്കാവുന്നതല്ല.
3. പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 6.1.17 പ്രകാരമുള്ള കാർഷിക സേവനങ്ങൾക്ക് സബ്സിഡി എന്ന ഇനത്തിൽ, കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയ്ക്കൊപ്പം രജിസ്റ്റർ ചെയ്ത കൃഷിക്കൂട്ടങ്ങളേയും ഉൾപ്പെടുത്തുന്നു.
4. പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 6.1.21 പ്രകാരമുള്ള 'പ്രാദേശിക കാർഷിക

ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് സഹായം' എന്ന ഇനത്തിൽ 'വിപണന മേഖലയിലെ കൃഷിക്കൂട്ടങ്ങളെ' കൂടി ഉൾപ്പെടുത്തുന്നു.

5. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡികകൾ 6.1.30, 6.1.31 എന്നിവ പ്രകാരമുള്ള പുഷ്പ കൃഷി ഇനത്തിൽ നാമമാത്ര/ചെറുകിട കർഷകർ/ കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവയ്ക്കൊപ്പം ഉൽപാദന മേഖലയിലെ കൃഷിക്കൂട്ടങ്ങളേയും ഉൾപ്പെടുത്തുന്നു.
6. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.35 പ്രകാരമുള്ള കണിക ജലസേചനത്തിനുള്ള ആനുകൂല്യങ്ങൾ ഗ്രൂപ്പ് കൃഷിക്കും ബാധകമാക്കുന്നു.
7. പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 6.1.44 പ്രകാരം റിവോൾവിങ്ങ് ഫണ്ട് നൽകാവുന്ന പാടശേഖര സമിതികൾക്കും കർഷക സംഘങ്ങൾക്കും ഒപ്പം കൃഷിക്കൂട്ടങ്ങളെ കൂടി ഉൾപ്പെടുത്തുന്നു. അതോടൊപ്പം, കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും റിവോൾവിംഗ് ഫണ്ട് നൽകുന്ന പദ്ധതി ഏറ്റെടുക്കുവാൻ ബ്ലോക്ക് പഞ്ചായത്തുകൾക്കും അനുമതി നൽകുന്നു.
8. കാർഷിക ആവശ്യങ്ങൾക്കായി വിവിധ വകുപ്പുകൾ മുഖേന വാങ്ങിയ കാർഷിക ഉപകരണങ്ങളുണ്ട്. ഇതിന്റെ വിവരം കേരള സംസ്ഥാന യന്ത്രവത്കൃത മിഷൻ പരിശോധിച്ച് അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗിക്കാൻ സാധ്യമാകുന്നവയും ഉപയോഗ ശൂന്യമായവും എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണി സാധ്യമാകുന്ന കാർഷിക ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്ന അക്രഡിറ്റഡ് ഏജൻസി മുഖേന (Agro Industries Corporation, RAIDCO തുടങ്ങിയവ) റിപ്പയർ ചെയ്യാവുന്നതാണ്. എന്നാൽ പാടശേഖര സമിതികൾക്ക് കൈമാറിയ യന്ത്രങ്ങളും മറ്റും റിപ്പയർ ചെയ്യാൻ തദ്ദേശഭരണസ്ഥാപനം വിഹിതം നൽകുന്നത് വലിയ ബാധ്യതയുണ്ടാക്കും. അതിനാൽ ഇവ റിപ്പയർ ചെയ്യുന്നതിന് പാടശേഖര സമിതികൾക്കും മറ്റും റിവോൾവിംഗ് ഫണ്ട് നൽകാൻ അനുമതി നൽകുന്നു. കൃഷി ഓഫീസറുടെയും പാടശേഖര സമിതി കൺവീനറുടെയും ജോയിന്റ് അക്കൗണ്ടിലേയ്ക്ക് റിവോൾവിംഗ് ഫണ്ട് നൽകിക്കൊണ്ട്, സാമ്പത്തിക വർഷാവസാനം ഈ തുക അക്കൗണ്ടിൽ തിരികെ ലഭ്യമാക്കണം. ഇപ്രകാരം തിരികെ വരുന്ന തുക മറ്റൊരു സമിതിക്കോ അതേ സമിതിക്ക് മറ്റ് ആവശ്യത്തിനോ ഉപയോഗിക്കുന്ന രീതിയാണ് സ്വീകരിക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്ത് തലത്തിലാണെങ്കിൽ 5.00 ലക്ഷം രൂപവരെയും ഗ്രാമപഞ്ചായത്ത് തലത്തിലാണെങ്കിൽ 1.00 ലക്ഷം രൂപവരെയും ഓരോ സമിതികൾക്കും റിവോൾവിംഗ് ഫണ്ടായി നൽകാവുന്നതാണ്. ഈ യന്ത്രങ്ങളുടെ എസ്റ്റിമേറ്റ് ആരാണ് എടുക്കുന്നത് എന്നത് സംബന്ധിച്ച് കൃഷി വകുപ്പ് വ്യക്തത നൽകുന്നതാണ്.

2. പരാമർശിത മാർഗ്ഗരേഖ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കൃഷി വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 23-09-2024 16:52:19

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്